REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 31-01-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **രണ്ടാമത് ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.**
- **2026-27 വർഷത്തെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും.**
- **SIR -മായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ പരാതികളും പരിശോധിച്ച് അന്തിമ വോട്ടർപട്ടിക അടുത്തമാസം 21ന് പ്രസിദ്ധീകരിക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U. കേൽക്കർ.**
- **LDF വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥ നാളെ വൈകിട്ട് മഞ്ചേശ്വരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **ഇന്ത്യാ ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മൽസരം വൈകിട്ട് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

രണ്ടാമത് ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. ഇന്ത്യയുടെയും UAE-യുടെയും സംയുക്ത അധ്യക്ഷതയിലാണ് യോഗം. അറബ് ലീഗിലെ 22 അംഗ രാജ്യങ്ങളിലെയും വിദേശകാര്യ മന്ത്രിമാരും അറബ് ലീഗ് സെക്രട്ടറി ജനറലും യോഗത്തിൽ പങ്കെടുക്കും.

സാമ്പത്തികം, ഊർജം, വിദ്യാഭ്യാസം, മാധ്യമം, സംസ്കാരം എന്നീ അഞ്ച് പ്രധാന മേഖലകളിലെ സഹകരണം കൂടുതൽ ശക്തമാക്കുന്നതിനെക്കുറിച്ച് യോഗം

ചർച്ച ചെയ്യും. മന്ത്രിതല യോഗത്തിന് മുന്നോടിയായി നാലാമത് ഇന്ത്യ-അറബ് സീനിയർ ഒഫീഷ്യൽസ് മീറ്റിംഗ് ഇന്നലെ ന്യൂഡൽഹിയിൽ പൂർത്തിയായിരുന്നു.

2016-ൽ ബഹ്റൈനിലായിരുന്നു ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ ആദ്യ യോഗം.

✪✪✪

ഇന്ത്യയും അറബ് ലോകവും തമ്മിലെ സാമ്പത്തിക-വാണിജ്യ ബന്ധങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ-അറബ് രാജ്യങ്ങളുടെ ചേംബർ ഓഫ് കൊമേഴ്സ്, ഇൻഡസ്ട്രി ആൻഡ് അഗ്രികൾച്ചർ പ്രവർത്തനമാരംഭിച്ചു. ന്യൂഡൽഹിയിൽ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് ചേംബർ ഉദ്ഘാടനം ചെയ്തു. ഇന്ത്യ-അറബ് വാണിജ്യ സഹകരണം ശക്തിപ്പെടുത്തുന്നതിൽ പുതിയ ചേംബർ ഓഫ് കൊമേഴ്സ് നിർണ്ണായക പങ്ക് വഹിക്കുമെന്ന് കീർത്തിവർധൻ സിംഗ് പറഞ്ഞു.

✪✪✪

വ്യാപാരം , നിക്ഷേപം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയും വെനിസ്വേലയും തീരുമാനിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയും വെനിസ്വേലയുടെ ആക്ടിംഗ് പ്രസിഡന്റ് ഡൽസി റോഡ്രിഗസും തമ്മിൽ നടത്തിയ ചർച്ചയിലാണ് തീരുമാനം. ഡിജിറ്റൽ സാങ്കേതിക വിദ്യ , ആരോഗ്യം, കൃഷി ജനങ്ങൾ തമ്മിലെ പങ്കാളിത്തം, എന്നിവ വർദ്ധിപ്പിക്കുന്നതിനും ഇരുവരുടേയും ടെലഫോൺ സംഭാഷണത്തിലൂടെ തീരുമാനിച്ചതായി വിദേശ കാര്യമന്ത്രാലയം അറിയിച്ചു. പരസ്പര താൽപര്യ വിഷയങ്ങൾ, പ്രാദേശിക-ആഗോള വിഷയങ്ങൾ തുടങ്ങിയവും ഇരു നേതാക്കളും ചർച്ച ചെയ്തു.

✪✪✪

2026-27 വർഷത്തെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ രാവിലെ പതിനൊന്നിന് ലോക്സഭയിൽ അവതരിപ്പിക്കും. 2019-ൽ അധികാരമേറ്റശേഷം നിർമ്മല സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത്തെ ബജറ്റാണിത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

<വോയ്സ്>

നരേന്ദ്രമോദി ഗവണ്മെന്റിന്റെ മൂന്നാം ടേമിലെ മൂന്നാമത്തെ ബജറ്റാണ് ധനമന്ത്രി നിർമല സീതാരാമൻ നാളെ അവതരിപ്പിക്കുന്നത്. ബജറ്റ് പ്രസംഗം

പൂർത്തിയാക്കിയ ശേഷം ബജറ്റ് രേഖകൾ മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ലഭ്യമാകും.

ബജറ്റ് അവതരണ ശേഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 30 ഓളം കോളജ് വിദ്യാർത്ഥികളുമായി നിർമ്മലാ സീതാരാമൻ സംവദിക്കും. ഇതിന്റെ ഭാഗമായി ലോക്സഭാ ഗ്യാലറിയിലിരുന്ന് വിദ്യാർഥികൾക്ക് ബജറ്റ് അവതരണം തത്സമയം വീക്ഷിക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. കൊമേഴ്സ്, ഇക്കൊണോമിക്സ്, മെഡിക്കൽ, വൊക്കേഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർഥികളാണ് ധനമന്ത്രിയുമായി സംവദിക്കുക.

ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ്, രാജ്യത്തെ സാമ്പത്തിക വിദഗ്ധർ ട്രേഡ് യൂണിയൻ നേതാക്കൾ, വിദ്യാഭ്യാസ - സാമ്പത്തിക- ആരോഗ്യ മേഖലയിലെ പ്രമുഖർ, MSME, വ്യാപാരം, വ്യവസായം, മൂലധന വിപണികൾ എന്നിവയിലെ പ്രധാന പങ്കാളികളുമായി ധനമന്ത്രി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിന് പുറമെ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ സമാഹരിച്ച റിപ്പോർട്ട്, ധനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

✪✪✪

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര സംസ്കാരിക മന്ത്രാലയം സംഘടിപ്പിക്കുന്ന ഭാരത് പർവിന്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി CP.രാധാകൃഷ്ണൻ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. ന്യൂഡൽഹിയിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, അടിസ്ഥാന സൗകര്യ പദ്ധതികളുടെയും പൊതുജന പരാതികളുടെയും തത്സമയ നിരീക്ഷണവും പരിഹാരവും സാധ്യമാക്കി രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങ ൾക്കാണ് തുടക്കമിട്ടത്.

റെയിൽവെ മന്ത്രാലയത്തിന് കീഴിലെ പദ്ധതികളെ ക്കുറിച്ചാണ് ആകാശവാണി തയ്യാറാക്കിയ ഇന്നത്തെ പ്രത്യേക റിപ്പോർട്ട്.

......(വോയ്സ്)..........

രാജ്യത്തിന്റെ സാമ്പത്തിക, സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ സുശക്ത സ്തംഭങ്ങളിലൊന്നാണ് ഇന്ത്യൻ റെയിൽവേ. യാത്രയുടെയും ചരക്ക് നീക്കത്തിന്റെയും നട്ടെല്ല്. 12 ലക്ഷം കോടി രൂപയിലധികം നിക്ഷേപം വരുന്ന 387 റെയിൽവേ പദ്ധതികളാണ് നിലവിൽ പ്രഗതിക്ക് കീഴിൽ നിരീക്ഷിക്കുന്നത്. ഇതിൽ 97 പദ്ധതികൾ പ്രഗതിയിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി

അവലോകനം ചെയ്തു. അതിവേഗ റെയിൽ ഇടനാഴികൾ, പ്രത്യേക ചരക്ക് ഇടനാഴികൾ, ദുർഘട ഭൂപ്രദേശങ്ങളിലെ പുതിയ ലൈൻ പദ്ധതികൾ, വലിയ സ്റ്റേഷൻ പുനർവികസന സംരംഭങ്ങൾ എന്നിവ ഇവയിൽപ്പെടുന്നു. ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക്, ചെനാബ് പാലം, അഞ്ജി പാലം എന്നിവയിലൂടെ കശ്മീർ താഴ്വരയിലേക്ക് റെയിൽ സംയോജനം സാധ്യമാക്കി. വടക്കുകിഴക്കൻ മേഖലയിലെ ബൈറാബി-സൈരാങ് പാത കമ്മീഷനിംഗ്, തമിഴ്നാട്ടിലെ പാമ്പനിൽ ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ-ലിഫ്റ്റ് കടൽ പാലത്തിന്റെ ഉദ്ഘാടനം തുടങ്ങിയ സങ്കീർണ്ണ അടിസ്ഥാന സൗകര്യ പദ്ധതികൾ റെയിൽവേ യാഥാർത്ഥ്യമാക്കി. ഭൂമി ഏറ്റെടുക്കൽ, വന അനുമതി എന്നിവയുമായി ബന്ധപ്പെട്ട അന്തർ-മന്ത്രാലയ, കേന്ദ്ര-സംസ്ഥാന പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾ വേഗത്തിലാക്കുന്നതിൽ പ്രഗതി സംവിധാനം നിർണായക പങ്ക് വഹിച്ചു.

✪✪✪

പശ്ചിമ ബംഗാളിലെ നസീറാബാദിലുണ്ടായ തീപിടിത്തത്തിൽ മരിച്ചവരുടെ എണ്ണം 27 ആയി. സംഭവസ്ഥലത്ത് നിന്ന് രണ്ട് പേരുടെ മൃതദേഹങ്ങൾ കൂടി കണ്ടെടുത്തു. സംഭവത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്ന് BJP ആവശ്യപ്പെട്ടു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം അറിയിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 2 ലക്ഷം രൂപയും, പരിക്കേറ്റവർക്ക് 50,000 രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ദക്ഷിണ ഭാരതത്തിന്റെ തലസ്ഥാനമായി കേരളം മാറുമെന്നും  അധ്യാത്മിക ശക്തിയാണ് അതിന്റെ പ്രധാന കാരണമെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. തവനൂർ മാഘമക മഹോത്സവത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അധ്യാത്മിക ടൂറിസത്തിന്റെ സാധ്യത കൂടി പരിഗണിച്ച് പദ്ധതി തയ്യാറാക്കാൻ നടപടികളും സ്വീകരിക്കുമെന്നും സുരേഷ് ഗോപി വ്യക്തമാക്കി.

✪✪✪

പ്രത്യേക തീവ്ര വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ലഭിച്ച എല്ലാ പരാതികളും, ആക്ഷേപങ്ങളും അപേക്ഷകളും നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് പരിശോധിച്ച് തീർപ്പാക്കുമെന്ന്  മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. കേൽക്കർ അറിയിച്ചു. അംഗീകരിച്ച അപേക്ഷകൾ ഉൾപ്പെടുത്തി അടത്തുമാസം 21-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.  2025 ഡിസംബർ 23-ന് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചത്

മുതൽ ഇന്നലെ വരെ വോട്ടർമാർക്ക് അപേക്ഷകൾ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു.

ജനുവരി 30-ന് ശേഷവും പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഇത്തരം അപേക്ഷകൾ ഫെബ്രുവരി 21-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രമേ തീർപ്പാക്കൂ. ഇതിൽ അർഹരായവരെ വോട്ടർപട്ടികയുടെ തുടർ പുതുക്കലുകളിൽ അനുബന്ധ പട്ടികയിലൂടെ ഉൾപ്പെടുത്തും.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശപ്രകാരം, അന്തിമ പട്ടിക പ്രസിദ്ധീകരിച്ച തീയതി മുതൽ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ അവസാന തീയതി വരെ 'തുടർച്ചയായ പുതുക്കൽ' പ്രക്രിയയിൽ ഉൾപ്പെടുത്തുന്ന പേരുകൾ കാലക്രമത്തിൽ ക്രമീകരിക്കുമെന്നും രത്തൻ യു കേൽക്കർ പറഞ്ഞു.

✪✪✪

LDF വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥ നാളെ വൈകിട്ട് മഞ്ചേശ്വരം കുമ്പളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

CPIM സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനാണ് ജാഥ നയിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധവും വർഗീയ വിഭജനത്തിന് കളമൊരുക്കുന്നതുമായ നയങ്ങൾക്കെതിരെ ബഹുജനങ്ങളെ അണിനിരത്താനാണ് ജാഥയെന്ന് സംഘാടകർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ബൗദ്ധിക-വൈജ്ഞാനിക തലത്തിലെ മാനവവിഭവശേഷിയുടെ ചോർച്ചയും കുടിയേറ്റവും സാമൂഹിക പ്രശ്നമായി മാറുന്നതായി AICC ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു. KPCC-ഗവേഷണ,നയകാര്യ വിഭാഗം തയ്യാറാക്കിയ ഗവേഷണ നയരേഖ തിരുവനന്തപുരം ഇന്ദിരാഭവനിൽ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

വേലിയേറ്റ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടാകുന്ന കെടുതികൾ ദുരന്ത നിവാരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു.

ഇത് സവിശേഷ ദുരന്തമായി കണക്കാക്കി ധന സഹായം നൽകുന്നതിനാണ് ഗവൺമെന്റ് ഉത്തരവ് ഇറക്കിയത്. വേലിയേറ്റം കാരണം സമുദ്ര നിരപ്പ് ഉയരുകയും പുഴകൾ, കായലുകൾ, തോടുകൾ എന്നിവ വഴി ജനവാസ മേഖലകളിലേക്ക് ഉപ്പു വെള്ളം കയറുകയും ചെയ്യുന്നത് തീരദേശവാസികളെ

വലിയ തോതിലാണ് ബാധിക്കുന്നത്. എറണാകുളം ജില്ലയിലെ ഇടക്കൊച്ചി അടക്കം പ്രദേശങ്ങളിൽ ഇങ്ങനെ ഉപ്പു വെള്ളം കയറുന്നത് സാധാരണ ജീവിതത്തിനു തടസമാകുന്നുണ്ട്.

✪✪✪

അംഗരാജ്യങ്ങൾ ഫീസ് അടക്കാത്തതിനാൽ ഐക്യരാഷ്ട്രസംഘടന സാമ്പത്തിക തകർച്ചയുടെ വക്കിലാണെന്ന് UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് അറിയിച്ചു. UN-ന്റെ പതിവ് പ്രവർത്തനങ്ങളുടെ പണം ജൂലൈ മാസത്തോടെ തീർന്നു പോകുമെന്നും ഇത് അതിന്റെ തുടർപ്രവർത്തനങ്ങളെ സാരമായി തടസ്സപ്പെടുത്തുമെന്നും അംഗരാജ്യങ്ങൾക്കയച്ച കത്തിൽ ഗുട്ടറസ് പറഞ്ഞു. ഐക്യരാഷ്ട്രസംഘടനയ്ക്ക് ഏറ്റവും കൂടുതൽ തുക സംഭാവന നൽകുന്ന അമേരിക്ക കഴിഞ്ഞ വർഷം അതിൽ വീഴ്ച വരുത്തിയതിനെ തുടർന്നാണ് സാമ്പത്തിക പ്രതിസന്ധി ഉണ്ടായത്.

✪✪✪

ഇന്ത്യാ ന്യൂസിലാന്റ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാമത്തേയും അവസാനത്തേയും മൽസരം ഇന്നു വൈകിട്ടു തിരുവനന്തപുരത്ത്. 3-1 എന്ന നിലയിൽ ഇതിനകം തന്നെ ഇന്ത്യ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..

....വോയ്സ്.......

ആദ്യ മൂന്നു മൽസരങ്ങളും ജയിച്ചു പരമ്പര സ്വന്തമാക്കിയതിന്റെ ആത്മവിശ്വാസമാണ് ഇന്ത്യൻ ടീമിനുള്ളതെങ്കിൽ വിശാഖ പട്ടണത്ത് ബുധനാഴ്ച നടന്ന നാലാം മൽസരം 50 റൺസിനു വിജയിച്ചതിന്റെ ആഹ്ലാദമാണ് കാര്യവട്ടത്ത് അങ്കത്തിനിറങ്ങുന്ന കിവീസിനുള്ളത്.

തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴു മണിക്കാണ് മൽസരം ആരംഭിക്കുന്നത്. ഇരു ടീമുകളും ഇന്നലെ സ്റ്റേഡിയത്തിൽ പരിശീലനത്തിന് ഇറങ്ങിയിരുന്നു. മലയാളി താരം സഞ്ജു സാംസൺ ഇറങ്ങുന്നതിന്റെ ആവേശത്തിലാണ് കാര്യവട്ടത്തെത്തുന്ന ആരാധകർ.

✪✪✪

മന്ത്രി KN ബാലഗോപാൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ ഭിന്നശേഷിക്കാരോട് അവഗണന കാണിച്ചതായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് കുറ്റപ്പെടുത്തി. പത്ത് ലക്ഷത്തോളം വരുന്ന ഭിന്നശേഷിക്കാർക്ക്

ആനുകൂല്യം നൽകാത്ത സംസ്ഥാന ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിക്കുന്നതായി KFB സംസ്ഥാന പ്രസിഡന്റ് കെ ജെ വർഗീസും ജനറൽ സെക്രട്ടറി കെ എം അബ്ദുൾ ഹക്കീമും അറിയിച്ചു. കാഴ്ചയില്ലാത്ത സ്കൂൾ കോളജ് വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ പത്തുവർഷത്തിന് ശേഷവും ഒരു പൈസപോലും വർദ്ധിപ്പിച്ചില്ലെന്ന് ഇരുവരും പറഞ്ഞു.

✪✪✪

ഗതാഗത കുരുക്കിൽപ്പെട്ട് വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റയാൾ ചികിത്സ കിട്ടാതെ മരിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. മതിയായ പാർക്കിംഗ് സൗകര്യം ഒരുക്കാതെ ബീച്ചിൽ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ സംഘടിപ്പിച്ചതിനെ തുടർന്നാണ് അപകടം ഉണ്ടായതെന്നാണ് ആരോപണം.

നോർത്ത് സോൺ ഐ.ജിയും കളക്ടറും അന്വേഷിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഫെബ്രുവരി 19 ന് വെസ്റ്റ് ഹിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൌസിലെ സിറ്റിംഗിൽ കേസ് പരിഗണിക്കും.

ജനുവരി 25നാണ് പുതിയങ്ങാടി സ്വദേശിനിയായ അജിതയെ ഓട്ടോ ഇടിച്ചത്.

✪✪✪

സംസ്ഥാനത്തെ മോട്ടോർവാഹന വകുപ്പിനെ പിടിച്ചുലച്ച വ്യാജ ലൈസൻസ് തട്ടിപ്പ് കേസിൽ തിരൂരങ്ങാടി സബ് ആർടിഒ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനെകൂടി സസ്പെൻഡ് ചെയ്തു. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സി ബിജുവിനെയാണ് അന്വേഷണവിധേയമായി ട്രാൻസ്പോർട്ട് കമീഷണർ സസ്പെൻഡ് ചെയ്തത്. മൈസൂരിലെ ഡ്രൈവിങ് ലൈസൻസുകൾ സംഘടിപ്പിച്ച് അതിലെ മേൽവിലാസവും ഒപ്പും ഫോട്ടോയും മാറ്റിയശേഷം കേരളത്തിൽ ഒറിജിനൽ ലൈസൻസാക്കി മാറ്റുന്ന തട്ടിപ്പിൽ ഉൾപ്പെട്ടതിനെ തുടർന്നാണ് നടപടി.

✪✪✪

വയനാട്ടിൽ മയക്കുമരുന്നായ ചരസുമായി ഇസ്രയേൽ സ്വദേശി പോലീസിന്റെ പിടിയിലായി. ഹാരൽ ആൻഡ്രിയേയാണ് തിരുനെല്ലി പോലീസ് അറസ്റ്റ് ചെയ്തത്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs:, സയ്യിദ് അലി ശിഹാബ്, രജിന കെ*
*DEO : സി കെ സുബോധ്*